**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 279** **07-10-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികളുടെ വേതനവും ഉത്സവബത്തയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഓണക്കാലത്ത് സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് വേതനവും ഉത്സവബത്തയും വിതരണം ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കുമോ; | (എ) | റേഷൻ വ്യാപാരികൾക്ക് 2024 ആഗസ്റ്റ് മാസത്തെ കമ്മീഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കമ്മീഷനിലെ Non NFSA വിഹിതം 18.9.24-ന് അനുവദിച്ചിട്ടുണ്ട്. NFSA വിഹിതം നൽകുന്നതിനുള്ള ബില്ല് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. എത്രയും വേഗം ഈ തുക റേഷൻവ്യാപാരികളുടെ അക്കൗണ്ടിലേക്ക് നൽകണം എന്നു തന്നെയാണ് സർക്കാർ നിലപാട്.<br><br>റേഷൻവ്യാപാരികൾക്ക് ഉത്സവബത്ത അനുവദിച്ച കീഴ്വഴക്കം ഇല്ല. കഴിഞ്ഞ 2 വർഷങ്ങളിലായി സർക്കാരിന്റെ ഓണക്കിറ്റ് കാർഡുടമകൾക്ക് സൗജന്യമായി വിതരണം നടത്തുന്നത് പരിഗണിച്ച്, സിവിൽ സപ്ലൈസ് കമ്മീഷണറുടെ പി.ഡി അക്കൗണ്ടിൽ നിന്നും 1000/- രൂപ ഓണറേറിയം അനുവദിച്ചിരുന്നു. |
| (ബി) | 2024 ആഗസ്റ്റ് മാസത്തിലെ വേതനവും ഓണത്തോടനുബന്ധിച്ചുള്ള ഉത്സവബത്തയും വിതരണം ചെയ്തത് എന്നാണെന്ന് അറിയിക്കാമോ; ഈയിനത്തിൽ ഇനി കുടിശ്ശികയുണ്ടോ; വിശദമാക്കുമോ; | (ബി) | ഖണ്ഡം A യുടെ മറുപടി കണ്ടാലും |
| (സി) | വേതനവും ഉത്സവബത്തയും വിതരണം ചെയ്യാനുള്ള ഫണ്ടിനായി വകുപ്പ് എന്നാണ് ധനവകുപ്പിനോട് ആവശ്യപ്പെട്ടതെന്നും എന്നാണ് ഫണ്ട് അനുവദിച്ചതെന്നും അറിയിക്കാമോ; | (സി) | ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ റേഷൻവ്യാപാരികൾക്ക് 1000/- രൂപ അനുവദിക്കുന്നതിനായുള്ള ബി3/197/2024-ഭ.പൊ.വി.വ ഫയൽ 11.09.2024-നും 2024 ആഗസ്റ്റ് മാസത്തെ റേഷൻവ്യാപാരി കമ്മീഷന്റെ അധികസംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനുള്ള ബി3/196/2024-ഭ.പൊ.വി.വ ഫയൽ 07.09.2024-നും ധനവകുപ്പിന് നൽകിയിരുന്നു. |
| (ഡി) | നിലവിൽ വ്യാപാരികൾക്ക് കമ്മീഷൻ തുക നൽകുന്നതിൽ എത്ര രൂപയാണ് | (ഡി) | റേഷൻവ്യാപാരി കമ്മീഷൻ ഇനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. |

| | | | |
|---|---|---|---|
| | കുടിശ്ശികയായിട്ടുള്ളത്; ഇത് എന്നത്തേക്ക് നൽകാനാകുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ